"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - തൊടുപുഴ നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- സീനിയർ ക്ലർക്കായിരുന്ന ശ്രീ.എ.എ.രാജനെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.3046/2022/LSGD തീയതി,തിരുവനന്തപുരം, 08-12-2022

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.05.2020 തീയതിയിലെ ഇ8(എസ്.സി.52/19/ഐ.ഡി.കെ) 4996/2020 നമ്പർ കത്ത്.
2. 11.06.2021 തീയതിയിലെ ഇയു2-115/2021/തസ്വഭവ. നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. നഗരകാര്യ ഡയറക്ടറുടെ 13.09.2022തീയതിയിലെ ഡിയുഎ/3718/2022-വി3 നമ്പർ റിപ്പോർട്ട്.

ഉത്തരവ്

തൊടുപുഴ നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 07.12.2019-ൽ നടത്തിയ മിന്നൽ പരിശോധനയിൽ തൊടുപുഴ മുനിസിപ്പാലിറ്റിയിൽ കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ്/ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് എന്നിവയ്ക്കുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്ന PW-11 സെക്ഷനിൽ 01.01.2019 തീയതി മുതൽ 05.11.2019 വരെ പെന്റിംഗ് ഉള്ള അപേക്ഷകൾ വിജിലൻസ് അന്വേഷണ വേളയിൽ പരിശോധിച്ചപ്പോൾ, വ്യക്തമായ കാരണങ്ങളാൽ കാലതാമസം ഉണ്ടായിട്ടുള്ള അപേക്ഷകളുടെ പോരായ്മകളെപ്പറ്റിയുള്ള വിവരങ്ങൾ അപേക്ഷാ കക്ഷിയെ അറിയിക്കുന്നതിന് തൊടുപുഴ മുനിസിപ്പാലിറ്റിയിൽ PW-11 സെക്ഷനിൽ സീനിയർ ക്ലർക്കായ ശ്രീ.രാജൻ എ.എ. കാലതാമസം വരുത്തിയതായി കണ്ടെത്തിയിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടറുടെ പരാമർശം (1) ശിപാർശ പ്രകാരം, മേൽ ക്രമക്കേടുകൾക്ക് PW11 സെക്ഷനിലെ സീനിയർ ക്ലർക്കായ ശ്രീ.എ.എ.രാജന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ..എ.എ.രാജൻ നൽകിയ മറുപടി പ്രകാരം തൊടുപുഴ നഗരസഭയിൽ 30.3.2005 മുതൽ 31.01.2022 വരെ ടിയാൻ വിവിധ സെക്ഷനുകളിൽ ക്ലർക്ക് ആയി പ്രവർത്തിച്ച വരികയും വിജിലൻസ് പരിശോധനാ വേളയിൽ PW11 സെക്ഷന്റെ ക്ലർക്കായി ജോലി ചെയ്തു വരികയായിരുന്നെന്നും വിജിലൻസ് പരാമർശത്തിലുള്ള ഫയലുകളിൽ BA-115/19-20, BA 1102/18-19, BA871/19-20 എന്നിവയിലെ അപാകതകൾ സംബന്ധിച്ചുള്ള അറിയിപ്പുകൾ ഓൺലൈൻ ആയി കക്ഷിയെ അറിയിച്ചിട്ടുള്ളതാണെന്നും മറ്റുള്ളവ

ലൈസൻസിയേയും അപേക്ഷകനെയും അവർ ഓഫീസിൽ എത്തിയപ്പോൾ വാക്കാൽ അറിയിക്കുകയും മേലുദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ഫയലിൽ നടപടി സ്വീകരിച്ചെങ്കിലും വിവരങ്ങൾ ഓഫീസ് നോട്ടിൽ രേഖപ്പെടുത്തുവാൻ ജോലിത്തിരക്കുമൂലം സാധിച്ചില്ലെന്നും ടി വസ്തുതകൾ സാങ്കേതം സോഫ്റ്റ് വെയർ പരിശോധിക്കുകയും ,അപേക്ഷകന്റെ വാക്കാലുള്ള നിർദ്ദേശ പ്രകാരം സ്വീകരിച്ച നടപടികൾ ഫയൽ പരിശോധിക്കുകയും ചെയ്താൽ മനസ്സിലാക്കാവുന്നതാണെന്ന് ടിയാൻ മറുപടിയിൽ ബോധിപ്പിച്ചിരുന്നു.

3. കൂടാതെ, ഇതേ വിഷയത്തിൽ നഗരകാര്യ ഡയറക്ടറുടെ വി3-22296/2021 കത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാസെക്രട്ടറി ടിയാന് മെമ്മോ നൽകിയിട്ടുള്ളതും ടിയാന്റെ മറുപടി പരിഗണിച്ചും ടിയാൻ പറയുന്ന വസ്തുതകൾ ബോധ്യപ്പെട്ടും ടിയാന്റെ ഭാഗത്തുനിന്നും വീഴ്ചയില്ലെന്ന് കണ്ടെത്തി ടിയാനെതിരെയുള്ള അച്ചടക്കനടപടികൾ തീർപ്പാക്കിയിട്ടുള്ളതാണെന്നും ശ്രീ.എ.എ.രാജൻ മൊഴി നൽകിയിട്ടുള്ളതാണ്. സർവ്വീസിൽ കയറിയ കാലം മുതൽ ആത്മാർത്ഥമായി യാതൊരു പരാതിയ്ക്കും ഇടം നൽകാതെയാണ് ജോലി ചെയ്തിരുന്നതെന്നും ഇടുക്കി ജില്ലയിലെ പ്രധാന പട്ടണമായ തൊടുപുഴയിലെ 35 വാർഡുകളിൽ നിന്ന് വരുന്ന കെട്ടിട നിർമ്മാണ അപേക്ഷകളുടെ സെക്ഷൻ ടിയാൻ ഒറ്റയ്ക്കാണ് കൈകാര്യം ചെയ്തിരുന്നതെന്നും ജോലിത്തിരക്കുമൂലം മന:പൂർവ്വമല്ലാത്ത വീഴ്ച ടിയാന്റെ ഭാഗത്തുനിന്നും വന്നിട്ടുണ്ടെങ്കിൽ സേവനത്തിൽ നിന്നും വിരമിച്ച ടിയാനെ മാപ്പാക്കി അച്ചടക്കനടപടിയിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ മൊഴിയിലൂടെ അപേക്ഷിച്ചിരുന്നു.

4. നഗരകാര്യഡയറക്ടർ സമർപ്പിച്ച പരാമർശം (3) റിപ്പോർട്ട് പ്രകാരം, തൊടുപുഴ നഗരസഭാ സെക്രട്ടറിയുടെ 24.01.2022, 08.05.2022 എന്നീ തീയതികളിലെ ജി1/4274/21 നം.ഉത്തരവു പ്രകാരം ശ്രീ.എ.എ.രാജൻ ടിയാന് ലഭിച്ച മെമ്മോയ്ക്ക് നൽകിയ മറുപടിയും നഗരസഭാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടും പരിശോധിച്ചതിൽ ടിയാനെതിരെ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളിൽ ഭൂരിഭാഗത്തിനും, അപേക്ഷകൾ ഓൺലൈൻ ആയിരുന്നതിനാൽ ഓൺലൈൻ ആയി തന്നെ നടപടി സ്വീകരിച്ചതായി മനസ്സിലാക്കുന്നതായും ഓഫീസിലെ ഭീമമായ ജോലിത്തിരക്കുകൾ കാരണം ചില ഫയലുകളിൽ രേഖാമൂലം അറിയിപ്പുനൽകിയതായി കാണുന്നില്ലായെന്നും ആയത് വിജിലൻസ് റിപ്പോർട്ടിൽ വരികയാണുണ്ടായതെന്നും സെക്രട്ടറി രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ ടിയാനെതിരെ പൊതുജനങ്ങളിൽ നിന്നോ മേലുദ്യോഗസ്ഥരിൽ നിന്നോ നാളിതുവരെ യാതൊരു ആക്ഷേപവും ഉണ്ടായിട്ടില്ലാത്തതാണെന്നും മികച്ച രീതിയിൽ സേവനം നൽകുന്ന ഉദ്യോഗസ്ഥൻ എന്ന നിലയിലും മേലിൽ ഇത്തരം പിഴവുകൾ ഉണ്ടാകാതിരിക്കുന്നതിനുള്ള അതീവ ശ്രദ്ധ നൽകണമെന്ന താക്കീത് നൽകിക്കൊണ്ട് ബഹു.നഗരകാര്യ ഡയറക്ടറുടെ 08.12.21-ലെ വി3/222986/2021 നം.കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും വിജിലൻസ് റിപ്പോർട്ടിലെ 9-ാം പരാമർശ പ്രകാരവും ബഹു.സർക്കാർ, ബഹു. നഗരകാര്യ ഡയറക്ടർ തുടങ്ങിയവരുടെ തുടർനടപടികൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായും സാധൂകരണം പ്രതീക്ഷിച്ചുകൊണ്ടും ടിയാനെതിരായ അച്ചടക്കനടപടി തൊടുപുഴ നഗരസഭാ സെക്രട്ടറി തീർപ്പാക്കിയിട്ടുള്ളതാണ് എന്ന് നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

5. നഗരസഭാസെക്രട്ടറി ടിയാനെതിരായ അച്ചടക്കനടപടി അവസാനിപ്പിച്ചിട്ടുള്ളതും ടിയാൻ മന:പൂർവ്വം കൃത്യവിലോപം ചെയ്തിട്ടില്ല എന്ന സെക്രട്ടറിയുടെ റിപ്പോർട്ട് കണക്കിലെടുത്തും 31.01.2022 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.എ.എ.രാജനെതിരായ അച്ചടക്കനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി നഗരകാര്യഡയറക്ടർ അറിയിക്കുന്നു. ശ്രീ.എ.എ.രാജന്റെ

മൊഴിയുടെയും തൊട്ടപ്പുഴ നഗരസഭാ സെക്രട്ടറിയുടെയും മേഖലാജോയിന്റ് ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും 31.01.2022-ന് ശ്രീ.എ.എ.രാജൻ സേവനത്തിൽ നിന്ന് വിരമിച്ച സാഹചര്യത്തിലും ശ്രീ.എ.എ രാജനെതിരെയുള്ള അച്ചടക്ക നടപടിയിൻമേൽ തുടർനടപടി ഒഴിവാക്കി അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം തൊട്ടപ്പുഴ നഗരസഭയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ PW-11 സെക്ഷനിൽ സീനിയർ ക്ലർക്കായിരുന്ന ശ്രീ. എ.എ. രാജന്റെ ഭാഗത്തുനിന്നും മനപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. തൊട്ടപ്പുഴ നഗരസഭാ സെക്രട്ടറിയുടെയും മേഖലാജോയിന്റ് ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ടിയാന്റെ വാദങ്ങൾ വസ്തുതാപരമാണെന്ന് കാണുന്നു.

7. മേൽ സാഹചര്യത്തിൽ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ശ്രീ.എ.എ. രാജന്റെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചയൊന്നും ഉണ്ടായിട്ടില്ലായെന്നും, 31.01.2022-ൽ സേവനത്തിൽ നിന്ന് വിരമിച്ചിട്ടുള്ളതും പരിഗണിച്ച്, തൊട്ടപ്പുഴ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ PW11 സെക്ഷനിലെ സീനിയർ ക്ലർക്കായ ശ്രീ.എ.എ.രാജനെതിരായി ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. എ.എ. രാജൻ, സീനിയർ ക്ലർക്ക്, തൊട്ടപ്പുഴ നഗരസഭ, (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 08-12-2022 12:23:58
സെക്ഷൻ ഓഫീസർ